**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** | **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. റൂട്ട് പുന:സ്ഥാപനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് റൂട്ടുകൾ പല സ്ഥലങ്ങളിലും നിർത്തലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഡീസൽ ചെലവ് പോലും വഹിക്കാൻ കഴിയാത്ത ട്രിപ്പുകൾ / സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. സർവീസ് റൂട്ടുകൾ വ്യാപകമായി നിർത്തലാക്കി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ലാഭത്തിൽ ഓടിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. റൂട്ടുകൾ പുന:സ്ഥാപിക്കുമോ; വിശദമാക്കുമോ; | (ബി) | യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലുള്ളതും കോർപ്പറേഷന് നിശ്ചിത വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതുമായ മിക്കവാറും എല്ലാ ട്രിപ്പുകളും / സർവീസുകളും പുനരാരംഭിച്ചിട്ടുണ്ട്. നിറുത്തലാക്കിയ മറ്റു സർവീസുകൾ ലാഭകരമാണെന്ന് മനസ്സിലാകുന്ന പക്ഷം പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ബസ് സർവ്വീസ് ഇല്ലാത്ത പ്രദേശങ്ങളിൽ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ റൂട്ടുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഡീസൽ ചെലവ് പോലും ലഭിക്കാത്ത റൂട്ടുകളിൽ സർവീസ് നടത്തുന്നകാര്യം കോർപ്പറേഷന്റെ ഇന്നത്തെ അവസ്ഥയിൽ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ